കന്നംകളം നിയോജക മണ്ഡലത്തിലെ വേലൂർ പോസ്റ്റാഫീസ് - തയ്യൂർ - എരുമപ്പെട്ടി റോഡ്

260 (4892) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച കന്നംകളം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വേലൂർ പോസ്റ്റാഫീസ്-തയ്യൂർ-എരുമപ്പെട്ടി റോഡ് പ്രവർത്തിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ചുവോ;

(സി) സാങ്കേതിക അനുമതി ലഭിച്ച് ഒരു വർഷമായിട്ടും ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി വൈകുന്നതിന്റെ കാരണമെന്താണ്; വിശദാംശം വ്യക്തമാക്കാമോ;

(ഡി) കഴിവതും വേഗത്തിൽ നടപടി ക്രമങ്ങൾ ,പൂർത്തീകരിച്ച് റോഡ് പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ഭരണാനുമതി ലഭിച്ച കന്നംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വേലൂർ പോസ്റ്റാഫീസ്-തയ്യൂർ-എരുമപ്പെട്ടി റോഡിന് സാങ്കേതികാനുമതി നൽകുകയും ടെണ്ടർ ക്ഷണിച്ച് നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. ടെണ്ടർ സ്വീകരിക്കുവാൻ ഒരു കരാറുകാരനും മുന്നോട്ടുവരാത്തതിനാൽ ക്വട്ടേഷൻ സ്വീകരിക്കുകയും ആയത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കാസർകോട് ജില്ലയിൽ പൊതു മരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ

261 (4893) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി മുതൽ കാസർകോട് ജില്ലയിൽ എത്ര കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കാണ് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയതെന്ന്; പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, നിയോജക മണ്ഡലം, ഉത്തരവ് തീയതി, ഫണ്ടിന്റെ ഉറവിടം, എന്നിവ തിരിച്ച് കണക്കുകൾ വിശദമാക്കുമോ;

(ബി) അതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയെന്ന് പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, ഉത്തരവ് തീയതി ,നിയോജക മണ്ഡലം എന്നിവ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly